# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6111

10-07-2012 ൽ മറുപടിയ്ക്ക്

## രാഷ്ട്രീയ കൃഷി വികാസ് യോജന

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.എ.അസീസ്<br>ശ്രീ.കോവൂർ കുഞ്ഞുമോൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കാർഷിക മേഖലയിൽ കൃഷിവകുപ്പ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്; | (എ) സംസ്ഥാനത്ത് 2012- 13 വർഷം കാർഷിക മേഖലയിൽ കൃഷിവകുപ്പ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) ഈ പദ്ധതികളിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന രീതി വ്യക്തമാക്കുമോ; | (ബി) കൃഷി വകുപ്പിന്റെ പദ്ധതികളിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന രീതി തികച്ചും സുതാര്യവും, പൊതുജന പങ്കാളിത്തത്തോടെയുമാണ്. കൃഷിവകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരം എല്ലാ കൃഷി ഭവനിലും പ്രദർശിപ്പിക്കുന്നു. ഇത്തരത്തിൽ ഓരോ പദ്ധതികളും നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷക്ഷണിക്കുകയും കൃഷി ഭവനിലെ ഉദ്യോഗസ്ഥരുടെ സ്ഥലം അന്വേഷണ റിപ്പോർട്ടനുസരിച്ച് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയുമാണ് ചെയ്യുന്നത്. |
| (സി) രാഷ്ട്രീയ കൃഷി വികാസ് യോജന സംസ്ഥാനത്ത് എപ്രകാരമാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (സി) കാർഷിക അനുബന്ധ മേഖലകളിൽ 4% വളർച്ചാ നിരക്ക് ലഭ്യമാക്കുവാൻ വേണ്ടി കേന്ദ്ര സർക്കാർ 2007-08 മുതൽ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് രാഷ്ട്രീയ കൃഷി വികാസ് യോജന. കാർഷികാനുബന്ധ മേഖലകളിൽ ഓരോ ജില്ലയുടേയും സമഗ്രവികസനത്തിനായി ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും |

പദ്ധതികൾ തയ്യാറാക്കി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഉള്ള സ്റ്റേറ്റ് ലെവൽ സാങ്ഷനിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നു. ഈ കമ്മിറ്റി പദ്ധതികൾ പരിശോധിച്ച് മാനദണ്ഡങ്ങൾക്കനുസൃതമായവയ്ക്ക് അംഗീകാരം നൽകുകയും പദ്ധതികളുടെ നിർവ്വഹണത്തിനായി ധനസഹായം നൽകുകയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം

| പദ്ധതിയുടെ പേര് | തുക |
|---|---|
| 1. നെൽകൃഷി വികസനം | 5000/- ലക്ഷം രൂപ |
| 2. നാളീകേര വികസനം | 4500/- ലക്ഷം രൂപ |
| 3. കൃഷിഫാമുകളുടെ പ്രവർത്തനം | 700/- ലക്ഷം രൂപ |
| 4. ആധുനിക പരീക്ഷണശാലകളുടെ നവീകരണം | 500/- ലക്ഷം രൂപ |
| 5. ജൈവകൃഷി | 1000/- ലക്ഷം രൂപ |
| 6. സംയോജിത കീടരോഗ നിയന്ത്രണം | 100/- ലക്ഷം രൂപ |
| 7. ആർ.ഐ.ഡി.എഫ് | 500/- ലക്ഷം രൂപ |
| 8. സുഗന്ധ വ്യഞ്ജനങ്ങളുടെ വികസനം | 1900/- ലക്ഷം രൂപ |
| 9. സ.ഡി.ബി പദ്ധതി | 500/- ലക്ഷം രൂപ |
| 10. കാർഷിക വിജ്ഞാനവ്യാപനവും വിനിമയവും | 2075/- ലക്ഷം രൂപ |
| 11. കാർഷിക ക്ഷേമ ബോർഡ് | 250/- ലക്ഷം രൂപ |
| 12. വിള ഇൻഷ്വറൻസ് | 920/- ലക്ഷം രൂപ |
| 13. പയർ കിഴങ്ങു വർഗ്ഗ വികസനം | 150/- ലക്ഷം രൂപ |
| 14. വി.എഫ്.പി.സി.കെ | 600/- ലക്ഷം രൂപ |
| 15. കാർഷിക സേവന കേന്ദ്രങ്ങളും സേവനം എത്തിക്കലും | 2000/- ലക്ഷം രൂപ |
| 16. ഹൈടെക് അഗ്രികൾച്ചർ | 1200/- ലക്ഷം രൂപ |
| 17. പച്ചക്കറി വികസനം | 4250/- ലക്ഷം രൂപ |
| 18. നെൽകൃഷി കേന്ദ്രസഹായ പദ്ധതി | 700/-ലക്ഷം രൂപ |
| 19. യന്ത്രവൽക്കരണം | 200/- ലക്ഷം രൂപ |
| 20. ആർ.കെ.വി.വൈ | 25875/- ലക്ഷം രൂപ |
| 21. സൂക്ഷ്മതല ജലസേചനം - കേന്ദ്രപദ്ധതി | 110/- ലക്ഷം രൂപ |
| 22. വയനാട് പാക്കേജ് | 2500/- ലക്ഷം രൂപ |
| 23. ഇൻകം സപ്പോർട്ട് സ്കീം | 400/- ലക്ഷം രൂപ |
| 24. എഫ്.ഐ.ബി യുടെ പ്രവർത്തന ഫണ്ട് | 350/- ലക്ഷം രൂപ |
| 25. കാർഷിക വിജ്ഞാന വ്യാപനം | 1725/- ലക്ഷം രൂപ |
| 26. കാർഷിക സർവ്വകലാശാല | 75/-ലക്ഷം രൂപ |
| 27. എസ്.എച്ച്.എം (സംസ്ഥാന വിഹിതം) | 1100/- ലക്ഷം രൂപ |
| 28. പ്രകൃതിക്ഷോഭത്തിനെതിരെ അടിയന്തര സഹായം | 79/- ലക്ഷം രൂപ |
| 29. 13 ാം ധനകാര്യ കമ്മീഷൻ അവാർഡ് നടപ്പിലാക്കുന്ന പദ്ധതി | 7500/- ലക്ഷം രൂപ |
| 30. മണ്ണ് പരിഭോഷണ പദ്ധതി | 700/- ലക്ഷം രൂപ |
| 31. മാനവശേഷി വികസനം | 150/- ലക്ഷം രൂപ |
| 32. വിപണി വികസനം | 2500/- ലക്ഷം രൂപ |

| | |
|---|---|
| 33. ഉല്പാദന സംസ്കരണം | 1500/- ലക്ഷം രൂപ |
| 34. വില നിയന്ത്രണ പദ്ധതി | 500/- ലക്ഷം രൂപ |
| 35. വെയർഹൗസിംഗ് കോർപ്പറേഷനുള്ള ധനസഹായം | 50/- ലക്ഷം രൂപ |
| 36. സൂക്ഷ്മ ജലസേചനം (സംസ്ഥാന വിഹിതം) | 110/- ലക്ഷം രൂപ |
| 37. റ്റി & ഡി തെങ്ങിൻതൈ ഉല്പാദനം | 120/- ലക്ഷം രൂപ |
| 38. കേന്ദ്ര നെൽകൃഷി പദ്ധതി | 700/- ലക്ഷം രൂപ |
| 39. കേന്ദ്ര കാർഷിക യന്ത്രവൽക്കരണം | 220/- ലക്ഷം രൂപ |
| 40. ദേശീയ നീർത്തട വികസന പദ്ധതി | 400/- ലക്ഷം രൂപ |
| 41. ബയോഗ്യാസ് പദ്ധതി | 300/- ലക്ഷം രൂപ |
| 42. സിഡി.ബി പദ്ധതി | 500/- ലക്ഷം രൂപ |
| 43. വിള സംസ്കരണ പദ്ധതി | 15/- ലക്ഷം രൂപ |

സെക്ഷൻ ഓഫീസർ